بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 12/02/2016

**(02 JAMADUL AWWAL 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## "MAKE GOD ALMIGHTY YOUR ULTIMATE GOAL" / ദൈവം നിങ്ങളുടെ പരമലക്ഷ്യമാകട്ടെ

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം പറഞ്ഞു. അൽപക്കാഴ്ചയുള്ളവരും കാര്യബോധം കുറവായവരുമായ ആളുകൾ അവരുടെ ജീവിതത്തെ പല രീതിയിൽ വ്യാഖ്യാനിക്കുകയും ഭൗതികലോകത്തിലെ ലക്ഷ്യങ്ങളും ആഗ്രഹങ്ങളുമായി പരിമിതപ്പെടുത്തി കളയുകയും ചെയ്യുന്നു. എന്നാൽ സർവ്വശക്തനായ ദൈവം തന്റെ തന്നെ പരിശുദ്ധ വചനങ്ങളാൽ മനുഷ്യന്റെ ജീവിത ലക്ഷ്യമെന്താണെന്ന് തീരുമാനിച്ചിരിക്കുന്നു. **"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനെയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല"** 51: 57.

ഭൂമിയിൽ മനുഷ്യന്റെ നിലനിൽപ്പിന്റെ പ്രധാന ഉദ്ദേശ്യം എന്താണെന്ന് ദൈവം താൻ തന്നെ മനുഷ്യന് മനസ്സിലാക്കി കൊടുക്കുക എന്നതാണ് ദൈവത്തിന്റെ യഥാർത്ഥ ലക്ഷ്യം! അതായത് അവൻ പൂർണ്ണമായും ദൈവത്തിന് വിധേയമായി ജീവിക്കണം. മനുഷ്യന് തന്റെ ജീവിതത്തിന് ഒരു ലക്ഷ്യം സ്വയം തീർക്കാൻ സാധ്യമല്ല. കാരണം അവൻ സ്വയം തന്റെ ഇച്ഛയാൽ ഈ ലോകത്ത് വന്നവനല്ല; ഇവിടം വിട്ടുപോകുന്നതും അവന്റെ ഇച്ഛപ്രകാരമല്ല. അവനൊരു ജീവിമാത്രമാണ്, അവനെ ഒരുവൻ സൃഷ്ടിച്ചതാണ്; അവനിൽ നല്ല കഴിവുകൾ നിക്ഷേപിച്ചിരിക്കുന്നു. മൃഗങ്ങളെക്കാളുപരിയുള്ള കഴിവുകൾ,അതുപോലെ അവനൊരു ലക്ഷ്യവും നൽകിയിരിക്കുന്നു. നാം ഇതു മനസ്സിലാക്കിയാലും ശരി മനസ്സിലാക്കിയില്ലെങ്കിലും ശരി, മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യം ദൈവത്തെ ആരാധിക്കൽ മാത്രമാണ് എന്ന വസ്തുത നിലനിൽക്കുന്നു. അതുപോലെ അവനെ മനസ്സിലാക്കുക എന്നതുമാണ്. പരിപൂർണ്ണമായ ഭക്തി പ്രകടിപ്പിക്കുക എന്നതുമാണ്. വേറൊരു സ്ഥലത്ത് വിശുദ്ധ ഖുർആനിൽ സർവ്വശക്തനായ അല്ലാഹു പറഞ്ഞിരിക്കുന്നു. **"തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്ലാം ആകുന്നു."** 3:20

**"അതിനാൽ, ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മതസേവനത്തിനായി തിരിച്ചു നിറുത്തുക. അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈക്കൊള്ളുക) അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷെ, മനുഷ്യരിൽ അധികം ആളുകളും യാഥാർത്ഥ്യം അറിയുന്നില്ല"** 30:31

ദൈവത്തെപ്പറ്റി ശരിക്കും ഗ്രഹിക്കുവാൻ മതം നമ്മെ പഠിപ്പിക്കുന്നു. അവനെ ശരിക്കും ആരാധിക്കേണ്ട വിധമാണ് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്. ഇസ്ലാം മനുഷ്യനിലെ സഹജ പ്രകൃതിയാണ്; മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ഇസ്ലാം അനുസരിച്ചാണ് - അതായത് ഏകദൈവത്തിനായി സമർപ്പിക്കുക - അതുമാത്രമാണ് അനന്തവും സത്യവുമായ വിശ്വാസം. ദൈവം ആഗ്രഹിക്കുന്നതും മനുഷ്യൻ പൂർണ്ണമായും തന്നിൽ അനുരക്തരായി കഴിയണമെന്നുമാണ്. മനുഷ്യനുള്ള എല്ലാ കഴിവുകളും ഉപയോഗിച്ച് അവനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതാണ്. അതുകൊണ്ടാണ് അല്ലാഹു (ത) അവന് ഇസ്‌ലാം കരഗതമാക്കുന്നതിന് ആവശ്യമായ എല്ലാ കഴിവുകളും കൊടുത്തനുഗ്രഹിച്ചിരിക്കുന്നത്. അതായത് അവനായി സകലതും സമർപ്പിക്കുക. അതുമാത്രമാണ് മനുഷ്യ ജന്മത്തിന്റെ യഥാർത്ഥ ലക്ഷ്യം.

മനുഷ്യന് ജീവിതത്തിൽ പലപരിപാടികളും ഉണ്ടെങ്കിലും, അവന് യഥാർത്ഥ സന്തോഷം സർവ്വശക്തനായ ദൈവത്തിൽ നിന്നും മാത്രമേ കരഗതമാവുകയുള്ളൂ. വളരെയധികം സ്വത്ത് നേടിയ ശേഷം, വളരെ ഉന്നതമായ പദവി നേടിയതിനുശേഷം ഒരു വലിയ വ്യാപാരി ആയ ശേഷം, ഒരു വലിയ രാഷ്ട്രത്തെ ഭരിച്ച ശേഷം, ഒരു വലിയ തത്വചിന്തകനായി അംഗീകാരം ലഭിച്ച ശേഷം, ഒടുവിൽ അവൻ ദുഃഖത്തോടെ ഇതെല്ലാം ഉപേക്ഷിക്കേണ്ടി വരുന്നു. അവന്റെ ഹൃദയം നിറയെ ഇഹലോക കാര്യങ്ങൾ മാത്രമായിരുന്നു. അവന്റെ ബോധമണ്ഡലം ഒരിക്കലും അവന്റെ കൃത്യമവും കുതന്ത്രവും നിറഞ്ഞ പ്രവർത്തനങ്ങളെ അംഗീകരിച്ചിട്ടില്ല എന്നത് ഒരു വസ്തുതയായി നിലനിൽക്കുന്നു.

ഒരു ബുദ്ധിമാന് ഈ പ്രശ്നം പെട്ടെന്ന് മനസ്സിലാകും. നമ്മുടെ കഴിവിന് അപ്പുറമുള്ള ഒരു വലിയ ലക്ഷ്യത്തിലേക്ക് നീങ്ങാൻ നമുക്ക് കഴിയുകയില്ല. ഉദാഹരണമായി പറഞ്ഞാൽ, ഒരു കാളയുടെ ഏറ്റവും വലിയ ജോലി നിലം ഉഴുകുക, ജലസേചനത്തിന് സഹായിക്കുക, സാധനങ്ങൾ കൊണ്ടു പോവുക തുടങ്ങിയവ മാത്രമാണ്. ഇതിനപ്പുറമൊന്നും അതിന് ചെയ്യാൻ കഴിയുകയില്ല. ഒരു കാളയുടെ ജീവിത ലക്ഷ്യം ഇതിൽ പരിമിതപ്പെടുന്നു. ഇതിനപ്പുറത്ത് മറ്റൊന്നുമില്ല. എന്നാൽ മനുഷ്യന്റെ കഴിവുകളെ പരിശോധനാ വിധേയമാക്കുമ്പോൾ അവന്റെ പരിമിതികൾ കണ്ടെത്തുവാൻ ശ്രമിക്കുമ്പോൾ പരമോന്നതനായ ദൈവത്തെ അന്വേഷിക്കുവാനുള്ള കഴിവിൽ ചെന്നെത്തുന്നതാണ്. ദൈവവുമായി സ്നേഹത്തിലാകുവാൻ അവൻ ആഗ്രഹിക്കുന്നു; അവനുള്ളതെല്ലാം ദൈവത്തിന്റേതാണെന്ന് അവനറിയുന്നു. പ്രകൃത്യായുള്ള നിലനിൽപ്പിന്റെ ഭാഗമായി തന്റെ കഴിവുകൾ മറ്റ് മൃഗങ്ങളുമായി പങ്ക് വയ്ക്കുന്നു. എന്നാൽ ചില ജീവികൾ നിർമ്മാണ രംഗത്ത് അവനെ കടത്തിവെട്ടുന്നു. വിവിധ പുഷ്പങ്ങളിൽ നിന്ന് സത്ത വലിച്ചെടുത്ത് തേൻ ഉൽപ്പാദിപ്പിക്കുന്ന തേനീച്ചകളെ കണ്ടിട്ടില്ലേ ? ഇത് ഇപ്പോഴും മനുഷ്യന്റെ ഗ്രഹണ ശക്തിയെ കടത്തിവെട്ടുന്നതു തന്നെ ! മനുഷ്യ കഴിവുകളുടെ പാരമ്യത എന്നത് പരമോന്നതനായ ദൈവത്തെ കണ്ടുമുട്ടുക എന്നതുതന്നെയാണ്! അവന്റെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം അവന്റെ ഹൃദയ ജനലുകൾ ദൈവത്തിനായി തുറന്നു വയ്ക്കുക എന്നതാണ്.

ഇത് എങ്ങനെ നേടാം എന്നത് ഒരു ചോദ്യമാണ്. ഏതു മാർഗ്ഗത്തിലൂടെ നമുക്ക് ദൈവത്തെ കണ്ടെത്താം എന്ന ചോദ്യവും ഉന്നയിക്കാം. ആദ്യത്തെ ചവിട്ടടിതന്നെ തെറ്റിയാൽ, ഉദാഹരണമായി ഒരു പക്ഷിയെ അഥവാ ഒരു മൃഗത്തെ, അതുമല്ലെങ്കിൽ ഒരു മനുഷ്യകുഞ്ഞിനെ ദൈവമായി കരുതിയാൽ യഥാർത്ഥ ജീവിതത്തെ (അല്ലാഹു) കണ്ടെത്തുവാനുള്ള യഥാർത്ഥ പാത പിന്തുടരുവാൻ കഴിയാതെ വരുന്നു. യഥാർത്ഥ ദൈവം അവനെ അന്വേഷിക്കുന്നവരെ സഹായിക്കുന്നു. എന്നാൽ മരിക്കുന്ന ദൈവം എങ്ങനെയാണ് മരണപ്പെടുന്നവരെ സഹായിക്കുന്നത് ? എന്നെങ്കിലും അങ്ങനെ സഹായിച്ചിട്ടുണ്ടോ ? ഈ പ്രത്യേക സാഹചര്യത്തിൽ മഹത്വമുടയവനായ ദൈവം വളരെ മനോഹരമായ ഒരു വിവരണം നൽകുന്നത് നോക്കൂ **" യഥാർത്ഥ പ്രാർത്ഥന അവനോട് മാത്രമാണ്. അവന് പുറമെ ഇവർ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ഇവർക്ക് ഉത്തരമൊന്നും നൽകുകയില്ല. വായിൽ വെള്ളം എത്തിച്ചേരാൻ വേണ്ടി തന്റെ ഇരു കൈകളും വെള്ളത്തിന്റെ നേരെ ഒരുവൻ നീട്ടിപ്പിടിക്കുന്നു. അതാകട്ടെ അവനിലേക്ക് എത്തുന്നുമില്ല. അങ്ങനെയുള്ളവനെപ്പോലെ (മാത്രമാണ് ഇവരുടെ സ്ഥിതി) സത്യനിഷേധികളുടെ പ്രാർത്ഥന നിഷ്ഫലമായി പോകുന്നതല്ലാതെ മറ്റൊന്നുമല്ല."** (13:15)

സർവ്വശക്തനായ ദൈവത്തിന്റെ സമ്പൂർണ്ണ സൗന്ദര്യത്തെക്കുറിച്ചുള്ള ബോധമാണ് രണ്ടാമത്തെ ചവിട്ടുപടി. ഹൃദയം പ്രകൃത്യാ സൗന്ദര്യത്തെ ആകർഷിക്കുന്നതാണ്. സൗന്ദര്യ വീക്ഷണം ഹൃദയത്തിൽ സ്നേഹം അങ്കുരിപ്പിക്കുന്നു. ദൈവത്തിന്റെ സൗന്ദര്യം അവന്റെ ഏകത്വത്തിലാണ്; അവന്റെ അനുഗ്രഹത്തിലാണ്; അവന്റെ പ്രതാപത്തിലാണ്, അവന്റെ മറ്റു ഗുണവിശേഷങ്ങളിലാണ്. വിശുദ്ധ ഖുർ ആൻ വിശദീകരിക്കുന്നു. **"പറയുക, അവൻ അല്ലാഹുവാകുന്നു; ഏകൻ. അല്ലാഹു സർവ്വാധിനാഥനാണ്. അവൻ സന്താനോല്പാദനം ചെയ്തിട്ടില്ല. അവൻ (ആരുടെയും സന്താനമായി) ഉല്പാദിപ്പിക്കപ്പെട്ടിട്ടുമില്ല. അവനു സമനായി ആരും തന്നെയില്ല."** (112:2 – 5)

വിശുദ്ധഖുർആൻ ദൈവത്തിന്റെ മഹത്വത്തെക്കുറിച്ച് അടിക്കടി നമ്മെ ഉണർത്തിക്കൊണ്ടിരിക്കുന്നു. അത്തരം ഒരു ദൈവത്തിനുമാത്രമെ നമ്മുടെ ഹൃദയാഭിലാഷങ്ങളുടെ ലക്ഷ്യമായി തീരാവൂ എന്ന് നമ്മെ ഉണർത്തിക്കൊണ്ടിരിക്കുന്നു. അതല്ലാതെ ജീവനില്ലാത്തതും ശക്തിയില്ലാത്തതുമായവ ആയിരിക്കരുത്.

ദൈവത്തെ അടുത്തറിയാവാനുള്ള മൂന്നാമത്തെ ചവിട്ടുപടി അവന്റെ ഔദാര്യത്തെക്കുറിച്ചുള്ള അറിവാണ് സൗന്ദര്യവും, ഔദാര്യവും സ്നേഹ സമ്മാനങ്ങളാണ്. ദൈവത്തിന്റെ ഔദാര്യ ഗുണങ്ങൾ സൂറഃ അൽഫാത്തിഹായിൽ വെളിവാക്കിയിരിക്കുന്നത് നോക്കൂ!

**" എല്ലാ സ്തുതിയും സർവ്വലോകപരിപാലകനായ അല്ലാഹുവിനാകുന്നു. പരമകാരുണികൻ. കരുണാമയൻ. പ്രതിഫലം നൽകപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ"** (1:2 – 4)

ദൈവം ഇല്ലായ്മയിൽ നിന്നും തന്റെ ദാസന്മാരെ സൃഷ്ടിക്കുന്നു. തന്റെ പരിശുദ്ധമായ ഔദാര്യത്തിൽ നിന്നും ജീവിത വിഭവങ്ങളിൽ നിന്നും അവൻ അവർക്ക് എപ്പോഴും നൽകിക്കൊണ്ടിരിക്കുന്നു. എല്ലാത്തിന്റെയും നിലനിൽപ് അവനിലൂടെയാണ്. തന്റെ സൃഷ്ടികൾക്ക് അവന്റെ ഔദാര്യം സദാ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അവന്റെ ഔദാര്യത്തിന് പരിധിയില്ല അവൻ പറയുന്നു.

**"അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കവയെ തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല."** (14:35)

സൃഷ്ടിപ്പിന്റെ യഥാർത്ഥ ലക്ഷ്യം നേടുവാനുള്ള നാലാമത്തെ ചവിട്ടുപടി പ്രാർത്ഥനയാണ്. സർവ്വശക്തൻ പറയുന്നു. **" നിങ്ങളുടെ നാഥൻ പറയുന്നു. നിങ്ങൾ എന്നോട് പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. എന്നെ ആരാധിക്കുന്നതു വിട്ട്, അഹംഭാവം കാണിക്കുന്നവർ, നിന്ദ്യരായി, നരകത്തിൽ പതിക്കുക തന്നെ ചെയ്യും."** (40:61)

എന്നോട് യാചിക്കുക, നിങ്ങൾക്ക് ഞാൻ ഉത്തരം നൽകും! സർവ്വശക്തനായ അല്ലാഹുവിനെ സന്ധിക്കുവാൻ നിങ്ങൾ വിനയാന്വിതരായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അത് നമ്മുടെ കഴിവുകൾ കൊണ്ടല്ല മറിച്ച് അല്ലാഹുവിന്റെ കഴിവിലുള്ള വിശ്വാസത്തിലായിരിക്കണം പ്രാർത്ഥന.

അവനെ കണ്ടെത്തുവാനുള്ള അഞ്ചാമത്തെ ചവിട്ടുപടി അവന്റെ മാർഗ്ഗത്തിലുള്ള നിരന്തര പ്രയത്നമാണ്. നാം നമ്മുടെ ധനം അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കണം, എന്നിട്ട് അവനെ കണ്ടെത്തുവാൻ ശ്രമിക്കുക. അവന്റെ മാർഗ്ഗത്തിൽ നമ്മുടെ എല്ലാ കഴിവുകളും അർപ്പണം ചെയ്യുക. എന്നിട്ട് അവന്റെ മാർഗ്ഗത്തെ പുരോഗതിയിലേക്ക് നയിക്കുക. നാം നമ്മുടെ ബുദ്ധിയും അവന്റെ മാർഗ്ഗത്തെ പ്രയോജനപ്പെടുത്തുക. അവൻ പറഞ്ഞതുപോലെ **"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ ധനവും ജീവനും കൊണ്ട് പൊരുതുകയും ചെയ്യുക. "** 9:41 **"നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരത്രെ അവർ"** 2:4

ആയതിനാൽ അവന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ ധനം കൊണ്ടും, നിങ്ങളുടെ ജീവൻ കൊണ്ടും നിങ്ങളുടെ കഴിവുകൾ കൊണ്ടും നിങ്ങൾക്ക് നൽകിയിട്ടുള്ള ബുദ്ധികൊണ്ടും, കഴിവുകൊണ്ടും, അറിവുകൊണ്ടും അശ്രാന്ത പരിശ്രമം തുടരുക. എല്ലാത്തിനുമുപരിയായി ദൈവ പ്രീതിയും സ്വർഗ്ഗവുമായിരിക്കണം ലക്ഷ്യം. ഈ ലോകത്തിലെ താത്ക്കാലിക ആകർഷണങ്ങളിലായിരിക്കരുത് !

ഇൻശാ അല്ലാഹ് ! ആമീൻ !

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*